STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.122/PR/SPMC/PHQ/2026 Date: 04.03.2026

# പോലീസ്, ജയിൽ, വിജിലൻസ് വകുപ്പുകളുടെ പുതിയ മന്ദിരങ്ങൾ നാടിനു സമർപ്പിച്ചു

വിവിധ ജില്ലകളിലായി പോലീസ്, ജയിൽ, വിജിലൻസ് വകുപ്പുകൾക്ക് വേണ്ടി നിർമിച്ച 20 പുതിയ മന്ദിരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ നാടിനു സമർപ്പിച്ചു.

തിരുവനന്തപുരം മുട്ടത്തറയിൽ നടന്ന ചടങ്ങിൽ പോലീസ് വകുപ്പിന്റെ പണിപൂർത്തീകരിച്ച 15 കെട്ടിടങ്ങളും, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ രണ്ടു കെട്ടിടങ്ങളും, ജയിൽ വകുപ്പിന്റെ മൂന്ന് കെട്ടിടങ്ങളുമാണ് പ്രവർത്തനസജ്ജമായത്. ബാക്കിയുള്ളവയുടെ നിർമാണോദ്ഘാടനമാണ് നിർവ്വഹിക്കപ്പെട്ടത്.

പോലീസ് സേനയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ കഴിഞ്ഞ പത്തുവർഷങ്ങളിൽ മികച്ച മുന്നേറ്റമാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് എന്ന് മുഖ്യമന്ത്രി പറഞ്ഞു. പൊതുജനങ്ങൾക്കു പരാതി നൽകുന്നതിനായി ഏറെ ദൂരം സഞ്ചരിക്കേണ്ടിവരുന്ന സ്ഥലങ്ങളിൽ നിലവിലുള്ള സ്റ്റേഷനുകൾ വിഭജിച്ചു പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. ഇത് പരാതി നൽകുന്നതിനും ലഭ്യമാകുന്ന പരാതികൾക്ക് അതിവേഗം നടപടികൾ സ്വീകരിക്കുന്നതിനും തന്മൂലം പ്രസ്തുത മേഖലകളിലെ ക്രമസമാധാനം കൂടുതൽ കാര്യക്ഷമമാക്കാനും കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ ജയിലുകൾ കേവലം ശിക്ഷ കേന്ദ്രങ്ങൾ എന്നതിൽ നിന്ന് മാറി തടവുകാരുടെ ജീവിതത്തിലും ചിന്തയിലും മാറ്റം വരുത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. അതിനാലാണ് ജീവനക്കാർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമെ

തടവുകാർക്ക് മാനസികാരോഗ്യത്തിനും , തൊഴിൽ പരിശീലനത്തിലും ഊന്നൽ നൽകി കൊണ്ടുള്ള പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നത്.

സുതാര്യവും സത്യസന്ധവുമായ ഭരണസംവിധാനമുറപ്പാകുന്നതിൽ ശക്തമായ വിജിലൻസ് സംവിധാനത്തിന്റെ പ്രസക്തി വളരെ വലുതാണ്. അഴിമതി കുറഞ്ഞകേരളം അല്ല അഴിമതി രഹിത കേരളമാണ് നാം ലക്ഷ്യമിടുന്നത് എന്നും മുഖ്യമന്ത്രി പറഞ്ഞു.

നിർമാണം പൂർത്തിയായ പോലീസ് കെട്ടിടങ്ങൾ;

തിരുവനന്തപുരം മുട്ടത്തറയിലെ ക്രൈം ബ്രാഞ്ച് കോംപ്ലക്സ് (ഫേസ് 1), പോലീസ് ഹൗസിങ് & കൺസ്ട്രക്ഷൻ കോർപറേഷൻ ആസ്ഥാന മന്ദിരം, ഭക്തിവിലാസത്തെ ആറ് ക്വാർട്ടേഴ്സുകൾ , കൊല്ലം റൂറലിലെ പുനലൂരിലെ ആറ് ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ, ശബരിമല സന്നിധാനത്തെ മെസ് ഹാൾ, പാലക്കാട്ടെ ഒറ്റപ്പാലത്തെ 6 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ, കോഴിക്കോട് മെഡിക്കൽ കോളേജ് , ബേപ്പൂർ പോലീസ് സ്റ്റേഷനുകൾ , വയനാട് വൈത്തിരി പോലീസ് സ്റ്റേഷൻ , മാനന്തവാടി അപ്പർ സബ്ഡിവിഷൻ ക്വാർട്ടേഴ്സ് , കണ്ണൂർ സിറ്റിയിലെ ജില്ലാ പോലീസ് ഓഫീസ് , സെൻട്രൽ കസ്റ്റോഡിയൽ ഫെസിലിറ്റേഷൻ സെന്റർ, ആറ് ലോവർ സബോർഡിനേറ്റ ക്വാർട്ടേഴ്സുകൾ കണ്ണൂർ റേഞ്ചിലെ ട്രെയിനിങ് സെന്റർ , കൊച്ചി റീജിയണൽ ഫോറൻസിക് സയൻസ് ലോബോറട്ടറിയിലെ പുതിയ നില എന്നിവയാണ് പ്രവർത്തന സജ്ജമായത് ..

നിർമാണം പൂർത്തിയായ ജയിൽ വകുപ്പ് കെട്ടിടങ്ങൾ;

ആലപ്പുഴ സബ് ജയിൽ , തൃക്കാക്കര ബോർസ്റ്റൽ സ്കൂളിന്റെ പുതിയ മന്ദിരം , കണ്ണൂർ സെൻട്രൽ പ്രിസൺ കഫെറ്റീരിയ എന്നിവയാണ് നിർമാണം പൂർത്തിയാക്കിയ ജയിൽ വകുപ്പിന്റെ മന്ദിരങ്ങൾ.

നിർമാണം പൂർത്തിയായ വിജിലൻസ് കെട്ടിടങ്ങൾ;

തിരുവനന്തപുരം മുട്ടത്തറയിൽ പണികഴിപ്പിച്ച വിജിലൻസ് കോംപ്ലക്സ് , വയനാട് സുൽത്താൻ ബത്തേരി കുപ്പാടിയിൽ പണിപൂർത്തിയായ വിജിലൻസ് ഓഫീസ്, വയനാട് ജില്ലാ യൂണിറ്റ് മന്ദിരം എന്നിവയാണ് പ്രവർത്തന സജ്ജമായത്

പുതിയ കോംപ്ലക്സ് പ്രവർത്തന സജ്ജമാകുന്നതോടെ തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിച്ചു വന്ന വിജിലൻസിന്റെ ആകെയുള്ള 5 യൂണിറ്റുകളും, 2 ഘഅ ഓഫീസുകളും മുട്ടത്തറ വിജിലൻസ് കോംപ്ലക്ക്സിലേക്ക് മാറും. വിവിധ

ഇടങ്ങളിലായി വാടകക്ക് പ്രവർത്തിച്ചു വന്നിരുന്ന യൂണിറ്റുകൾ ഇനി ഒരു കോംപ്ലക്സ്കിനുള്ളിൽ വിവിധ നിലകളിലായി പ്രവർത്തിക്കും.

പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, മനോജ് ഏബ്രഹാം ( ഡി ജി പി , വിജിലൻസ് ), എ ഡി ജി പി മാരായ എസ് ശ്രീജിത്ത്, ബൽറാം കുമാർ ഉപാധ്യായ, എച് വെങ്കടേഷ് മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ പങ്കെടുത്തു.

**************************




V & ACB OFFICE COMPLEX


കേരള സർക്കാർ
പുതിയ കാലം പുതിയ നിർമ്മാണം
Government of Kerala
KERALA POLICE
CRIME BRANCH HEADQUARTERS
Thiruvananthapuram
Inauguration on
04.03.2026
by
Hon'ble Chief Minister of Kerala
Shri.PINARAYI VIJAYAN
Presided by
Shri.V.SIVANKUTTY
(Hon'ble Minister for General Education and Labour)
In the presence of
Shri.Dr.SHASHI THAROOR
(Member of Parliament, Thiruvananthapuram)
Shri.RAVADA AZAD CHANDRA SEKHAR IPS
(DGP & State Police Chief, Kerala)
Shri.H.VENKATESH IPS
ADGP (L&O and Crime Branch)
Smt.S.AJEETHA BEGUM IPS
(IGP Crime Branch, Thiruvananthapuram Range)
Smt.Sajeena Teacher
(Councilor Beemapally)
Design and Execution : HABITAT TECHNOLOGY GROUP, Thiruvananthapuram
Date of Commencement : 11.01.2021
Date of Completion : 28.02.2026




GOVERNMENT OF KERALA
കേരള


Inauguration of
BUILDINGS OF POLICE,
PRISON,
VIGILANCE DEPARTMENTS &
KPHCC
Shri. Pinarayi Vijayan
Hon'ble Chief Minister of Kerala